"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

റവന്യൂ വകുപ്പ് - തൃശ്ശൂർ ജില്ലയിലെ കൊടുങ്ങല്ലൂർ താലൂക്കിലെ പൊയ്യ-മടത്തുംപടി-പള്ളിപ്പുറം എന്ന ഗ്രൂപ്പ് വില്ലേജിൽ നിന്നും മടത്തുംപടി വില്ലേജ് വിഭജിച്ചും പ്രസ്തുത വില്ലേജ് പ്രവർത്തനത്തിനാവശ്യമായ ജീവനക്കാരുടെ തസ്തികകൾ സൃഷ്ടിച്ചും ഉത്തരവാകുന്നു.

---

റവന്യൂ (എഫ്) വകുപ്പ്

G.O.(Ms)No.339/2025/RD തീയതി,തിരുവനന്തപുരം, 19-12-2025

---

പരാമർശം:- 1) 14.06.2018 തീയതിയിലെ സ.ഉ (സാധാ) നം. 2239/2018/റവ നമ്പർ സർക്കാർ ഉത്തരവ്.

2. 15.04.2025 തീയതിയിൽ ലാൻഡ് റവന്യൂ കമ്മീഷണർക്കയച്ച റവ-എഫ്1/303/2023-റവ നമ്പർ സർക്കാർ കത്ത്

3. 26-04-2025 തീയതിയിലെ ലാൻഡ് റവന്യൂ കമ്മീഷണറുടെ LR/6647/2021-LR(M2) നമ്പർ കത്ത്.

**ഉത്തരവ്**

പ്ലാൻ സ്കീം 2018-19 പ്രകാരം തൃശ്ശൂർ ജില്ലയിലെ കൊടുങ്ങല്ലൂർ താലൂക്കിൽ പൊയ്യ-മടത്തുംപടി-പള്ളിപ്പുറം ഗ്രൂപ്പ് വില്ലേജിൽ ഉൾപ്പെട്ട മടത്തുംപടി വില്ലേജ് ഓഫീസിന് സ്മാർട്ട് വില്ലേജ് കെട്ടിട നിർമ്മാണത്തിനായി ഭരണാനുമതി നൽകുകയുണ്ടായി. തുടർന്ന്, പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങളുടെ നിർവ്വഹണ ഏജൻസിയായി കേരള സംസ്ഥാന നിർമ്മിതി കേന്ദ്രയെ ചുമതലപ്പെടുത്തുകയും 172.92 ചതുരശ്ര മീറ്റർ വിസ്തൃതിയിൽ ഒറ്റ നില കെട്ടിടം, ഓഫീസിനാവശ്യമായ എല്ലാവിധ ഫർണിച്ചറും മറ്റ് എല്ലാ സൗകര്യത്തോടും കൂടി സ്മാർട്ട് വില്ലേജാഫീസ് കെട്ടിടം പണി പൂർത്തീകരിച്ച് 2020 സെപ്റ്റംബർ മാസം 15-ാം തീയതി ഉദ്ഘാടന കർമ്മം നടത്തിയിട്ടുള്ളതാണെങ്കിലും പ്രസ്തുത വില്ലേജാഫീസിൽ പൊയ്യ-മടത്തുംപടി-പള്ളിപ്പുറം ഗ്രൂപ്പ് വില്ലേജിൽ നിന്നും വിഭജനം നടത്തി മതിയായ ജീവനക്കാരെ നിയമിക്കാത്തതിനാൽ ടി വില്ലേജ് ഓഫീസ് പ്രവർത്തനം പൂർണ്ണതോതിൽ പ്രവർത്തനക്ഷമമാക്കുവാൻ കഴിയാത്തത് വലിയതോതിൽ പരാതിക്കും ആക്ഷേപത്തിനും ഇടയാക്കിയതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുകയുണ്ടായി.

2] അതിനെത്തുടർന്ന്, പ്രസ്തുത മടത്തുംപടി വില്ലേജ് ഓഫീസ് പൊയ്യ-മടത്തുംപടി-പള്ളിപ്പുറം ഗ്രൂപ്പ് വില്ലേജിൽ നിന്നും വിഭജിച്ച് പൂർണ്ണതോതിൽ പ്രവർത്തനക്ഷമമാക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭ്യമാക്കുവാൻ പരാമർശം 2 പ്രകാരം സർക്കാർ നിർദ്ദേശം നൽകിയതിൻ പ്രകാരം വില്ലേജ് ഓഫീസർ - 1, സ്പെഷ്യൽ വില്ലേജ് ഓഫീസർ -1, വില്ലേജ് അസിസ്റ്റൻറ് - 1, വില്ലേജ് ഫീൽഡ് അസിസ്റ്റന്റ് - 2, പി.ടി.എസ് - 1 എന്ന സ്റ്റാഫ് ഘടന അനുവദിക്കുന്നതിനും

ആയതിനായി സർക്കാരിന് ഒരു വർഷത്തേയ്ക്ക് ഉണ്ടാകുന്ന സാമ്പത്തിക ബാധ്യതയടങ്ങുന്ന ഏകദേശ കണക്കും ലാൻഡ് റവന്യൂ കമ്മീഷണർ പരാമർശം 3-ലെ കത്ത് പ്രകാരം സർക്കാരിൽ സമർപ്പിച്ചു.

3] സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തൃശ്ശൂർ ജില്ലയിലെ കൊടുങ്ങല്ലൂർ താലൂക്കിലെ പൊയ്യ-മടത്തുംപടി-പള്ളിപ്പുറം എന്ന ഗ്രൂപ്പ് വില്ലേജിൽ നിന്നും മടത്തുംപടി വില്ലേജ് വിഭജിച്ചുകൊണ്ടും പ്രസ്തുത വില്ലേജ് പ്രവർത്തനത്തിനാവശ്യമായ വില്ലേജ് ഓഫീസർ - 1, സ്പെഷ്യൽ വില്ലേജ് ഓഫീസർ -1, വില്ലേജ് അസിസ്റ്റൻറ് - 1, വില്ലേജ് ഫീൽഡ് അസിസ്റ്റന്റ് - 2, പി.ടി.എസ് - 1 എന്നിങ്ങനെ 6 പുതിയ തസ്തികകൾ കൂടി സൃഷ്ടിച്ചും ഇതിനാൽ ഉത്തരവാകുന്നു.

4] പ്രസ്തുത ഗ്രൂപ്പ് വില്ലേജിൽ നിന്നും വിഭജിക്കപ്പെടുന്ന മടത്തുംപടി വില്ലേജിൽ ഉൾപ്പെടുന്ന പ്രദേശങ്ങളുടെ വിശദാംശങ്ങളും മറ്റും ഉൾപ്പെടുത്തി ഇതു സംബന്ധിച്ച ഗസറ്റ് വിജ്ഞാപനം പ്രത്യേകം പുറപ്പെടുവിക്കുന്നതാണ്.

**(ഗവർണറുടെ ഉത്തരവിൻ പ്രകാരം)**

M G RAJAMANICKAM

SECRETARY

കമ്മീഷണർ, ലാൻഡ് റവന്യൂ, തിരുവനന്തപുരം.
ഡയറക്ടർ, സർവ്വെ & ലാൻഡ് റിക്കാർഡ്സ്, തിരുവനന്തപുരം
ജില്ലാ കളക്ടർ, തൃശ്ശൂർ
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരള, തിരുവനന്തപുരം
ധനകാര്യ (വ്യയം-ഡി) വകുപ്പ് (3154615/EXP-D1/237/2025-FIN പ്രകാരം)
പൊതുഭരണ (എസ്.സി) വകുപ്പ്
റവന്യൂ വകുപ്പിലെ എല്ലാ സെക്ഷനുകൾക്കും
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
(വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

**ഉത്തരവിൻ പ്രകാരം**

Signed by
Sheeba V R
**സെക്ഷൻ ഓഫീസർ**
Date: 20-12-2025 11:28:54

പകർപ്പ്:- ബഹു റവന്യൂ വകുപ്പ് മന്ത്രിയുടെ പിഎസ്-ന്
ചീഫ് സെക്രട്ടറിയുടെ ഒ.എസ്.ഡി.ക്ക്
റവന്യൂ വകുപ്പ് സെക്രട്ടറിയുടെ പി.എ.യ്ക്ക്